ഉത്തരം

(എ) കേന്ദ്ര ഷിപ്പിംഗ് മന്ത്രി ശ്രീ. നിതിൻ ഗഡ്കരിയിൽ നിന്നും സംസ്ഥാന സർക്കാരിന് ഇതുസംബന്ധിച്ച് അറിയിപ്പൊന്നും ഇതുവരെ ലഭിച്ചിട്ടില്ല

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിയുടെ ബോർഡ് യോഗ തീരുമാനങ്ങൾ

91 (1795) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം അദാനി ഗ്രൂപ്പിനെ ഏല്പിക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള എംപവേർഡ് കമ്മിറ്റി നല്കിയ ശിപാർശയുടെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(ബി) നിയമ, സ്റ്റോർ പർച്ചേസ് വകുപ്പുകൾ ഇക്കാര്യത്തിൽ ശിപാർശ നൽകുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ അവയുടെ പകർപ്പുകൾ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(സി) പദ്ധതിയുടെ കൺസൾട്ടന്റുമാരായ ഏണസ്റ്റ് ആന്റ് യങ്ങിന്റെ ശിപാർശ എന്തായിരുന്നു ; ആയതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(ഡി) പദ്ധതിയുടെ കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിയുടെ ബോർഡ് യോഗ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; യോഗം പരിഗണിച്ച അജണ്ട നോട്ടിന്റേയും തീരുമാനങ്ങളുടെയും പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) സർക്കാർ ഇക്കാര്യത്തിൽ എടുത്ത അന്തിമ തീരുമാനങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) എംപവേർഡ് കമ്മിറ്റിയുടെ ശിപാർശയുടെ പകർപ്പ് അനുബന്ധം I ആയി വച്ചിട്ടുണ്ട്.*

(ബി) നിയമ, സ്റ്റോർ പർച്ചേസ് വകുപ്പുകളുടെ അഭിപ്രായം യഥാക്രമം അനുബന്ധം II-ഉം അനുബന്ധം III-ഉം ആയി വച്ചിട്ടുണ്ട്. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അദാനി സമർപ്പിച്ചിട്ടുള്ള ബിഡ്, റിക്വസ്റ്റ് ഫോർ പ്രൊപ്പോസലിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമാണെന്നും അദാനി ചോദിച്ചിട്ടുള്ള ഗ്രാന്റ് കേന്ദ്ര വി.ജി.എഫ്. മാനദണ്ഡങ്ങൾ അനുസരിച്ച് അനുവദിച്ചിട്ടുള്ള തുകയുടെ പരിധിക്കുള്ളിലാണെന്നും ടെണ്ടറിന്റെ ട്രാൻസാക്ഷൻ അഡ്വൈസറായ ഏണസ്റ്റ് ആന്റ് യങ്ങ്, ശിപാർശ ചെയ്തു. ഏണസ്റ്റ് ആന്റ് യങ്ങിന്റെ ശിപാർശ അനുബന്ധം IV ആയി വച്ചിട്ടുണ്ട്.*

(ഡി) മുഖ്യമന്ത്രി അദ്ധ്യക്ഷനായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗം പദ്ധതിയുടെ കാര്യത്തിൽ ഒരു തീരുമാനം കൈക്കൊണ്ടിട്ടില്ല. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഉന്നതാധികാരി സമിതിയുടെ ബിഡ് സ്വീകരിക്കുന്നതിനുള്ള ശിപാർശയെ തുടർന്ന് കമ്പനി ഡയറക്ടർ ബോർഡും ബിഡ് സ്വീകരിക്കുന്നതിനുള്ള ശിപാർശയാണ് സർക്കാരിന് നൽകിയത്. അജണ്ട നോട്ടിന്റെയും തീരുമാനങ്ങളുടെയും പകർപ്പ് യഥാക്രമം അനുബന്ധം V-ഉം അനുബന്ധം VI-ഉം ആയി വച്ചിട്ടുണ്ട്.*

(ഇ) അദാനി സമർപ്പിച്ച ബിഡ് അംഗീകരിക്കുവാൻ തത്വത്തിൽ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

മത്സ്യബന്ധന തുറമുഖ വകുപ്പിലെ ബഡ്ജറ്റ് വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളും

92 (1797) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന തുറമുഖ വകുപ്പിൽ 2010-11 മുതൽ 2014-15 വരെ ഓരോ വർഷവും ബഡ്ജറ്റിൽ നീക്കിവച്ചതും ചെലവഴിച്ചതുമായ തുക പദ്ധതി തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികളാണ് കേന്ദ്രാവിഷ്കൃത പദ്ധതികളായിട്ടുള്ളത് ; ഇവയ്ക്ക് കേന്ദ്രത്തിൽനിന്നും ഓരോ വർഷവും ലഭിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly